"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

<u>സംഗ്രഹം</u>

ത.സ്വ.ഭ.വ - ലൈഫ് മിഷൻ - പട്ടികജാതി/ പട്ടികവർഗ്ഗ/ ഫിഷറീസ് വകുപ്പുകളിൽ നിന്ന് ലഭ്യമാക്കിയിട്ടുള്ള ഗുണഭോക്തൃ പട്ടിക അന്തിമമാക്കുന്നത് സംബന്ധിച്ച് മാർഗ്ഗരേഖ അംഗീകരിച്ച് - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശ സ്വയംഭരണ (ഡിബി) വകുപ്പ്**

**സ.ഉ.(കൈ) നം.88/2020/ത.സ്വ.ഭ.വ** തീയതി,തിരുവനന്തപുരം, 28/05/2020

---

പരാമർശം:- 1 06.09.2019-ലെ സ.ഉ(സാധാ)നം.1946/2019/ത.സ്വ.ഭ.വ നമ്പർ ഉത്തരവ്.

2 28.10.2019 - ലെ 10-ാമത് എസ്.എൽ.ഇ.സി യോഗ തീരുമാനം.

3 24.04.2020 - ലെ ലൈഫ് മിഷൻ ചീഫ് എക്സിക്യൂട്ടീവ് ഓഫീസറുടെ എൽ.എഫ്.2/511/ലൈഫ് നമ്പർ കത്ത്.

<u>**ഉത്തരവ്**</u>

പട്ടികജാതി/ പട്ടികവർഗ്ഗ/ ഫിഷറീസ് വകുപ്പുകൾ അതാത് വകുപ്പിലെ ഭൂമിയുള്ള ഭവനരഹിതർ/ഭൂരഹിത ഭവനരഹിതർ ആയ ഗുണഭോക്താക്കളിൽ അർഹരായവരുടെ പട്ടിക ലൈഫ് മിഷന് കൈമാറണമെന്നും ലൈഫ് മിഷൻ പ്രസ്തുത ഗുണഭോക്താക്കളുടെ അർഹത ലൈഫ് മാനദണ്ഡപ്രകാരം പരിശോധിച്ച് ലൈഫ് പട്ടികയിൽ ഉൾപ്പെടുത്തി ധനസഹായം നൽകണമെന്ന് പരാമർശം(1) പ്രകാരം ഉത്തരവായിട്ടുണ്ട്.

2. പട്ടികജാതി/ പട്ടികവർഗ്ഗ/മത്സ്യതൊഴിലാളികളെ ലൈഫ് ഗുണഭോക്തൃ ലിസ്റ്റിൽ ഉൾപ്പെടുത്തുന്നതിന് എസ്.എൽ.ഇ.സി യോഗം പരാമർശം(2) പ്രകാരം തീരുമാനിക്കുകയും സ്വീകരിക്കേണ്ട നടപടിക്രമങ്ങൾക്ക് അനുമതി നല്കുകയും ചെയ്തിരുന്നു.

3. ആതിന്റെ അടിസ്ഥാനത്തിൽ പട്ടികജാതി/ പട്ടികവർഗ്ഗ/ ഫിഷറീസ് വകുപ്പുകളിൽ നിന്ന് ലൈഫ് മിഷന് ലഭ്യമാക്കിയിട്ടുള്ള ഗുണഭോക്തൃ പട്ടിക ജില്ലകളിലേക്ക് നല്കിയിട്ടുണ്ടെന്നും മേൽ പട്ടിക ലൈഫ് മാനദണ്ഡ പ്രകാരം അന്തിമമാക്കുന്നതിനുള്ള നടപടിക്രമങ്ങൾ ഉൾക്കൊള്ളിച്ചു കൊണ്ടുള്ള

മാർഗ്ഗരേഖ ലൈഫ് മിഷൻ ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ പരാമർശം (3) -ലെ കത്ത് പ്രകാരം ലഭ്യമാക്കിയിരുന്നു.

4. സർക്കാർ പ്രസ്തുത മാർഗ്ഗരേഖ പരിശോധിക്കുകയും ഇതോടൊപ്പം അനുബന്ധമായി ചേർത്തിട്ടുള്ള മാർഗ്ഗരേഖ അംഗീകരിച്ച് ഉത്തരവ് പുറപ്പെടുവിക്കുകയും ചെയ്യുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

പാറ്റ്സി സ്റ്റീഫന്

ജോയിന്റ് സെക്രട്ടറി

പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം.

നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം.

ഗ്രാമ വികസന കമ്മീഷണർ, തിരുവനന്തപുരം.

എല്ലാ ജില്ലാ പഞ്ചായത്ത് പ്രസിഡന്റുമാർക്കും, സെക്രട്ടറിമാർക്കും.

എല്ലാ കോർപ്പറേഷൻ മേയർമാർക്കും സെക്രട്ടറിമാർക്കും.

എല്ലാ ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റുമാർക്കും സെക്രട്ടറിമാർക്കും.

എല്ലാ മുനിസിപ്പൽ ചെയർപേഴ്സൺമാർക്കും സെക്രട്ടറിമാർക്കും.

എല്ലാ ഗ്രാമ പഞ്ചായത്ത് പ്രസിഡന്റ്മാർക്കും സെക്രട്ടറിമാർക്കും.

എല്ലാ ജില്ലാ ആസൂത്രണ സമിതി ചെയർപേഴ്സൺമാർക്കും.

പ്രിൻസിപ്പൽ സെക്രട്ടറി, റവന്യൂ വകുപ്പ്.

പ്രിൻസിപ്പൽ സെക്രട്ടറി, ധനകാര്യ വകുപ്പ്.

പ്രിൻസിപ്പൽ സെക്രട്ടറി, ഭവന നിർമ്മാണ വകുപ്പ്.

പ്രിൻസിപ്പൽ സെക്രട്ടറി, സഹകരണ വകുപ്പ്.

പ്രിൻസിപ്പൽ സെക്രട്ടറി, പട്ടിക ജാതി പട്ടിക വർഗ്ഗ വികസന വകുപ്പ്.

പ്രിൻസിപ്പൽ സെക്രട്ടറി, സാമൂഹ്യ നീതി വകുപ്പ്.

പ്രിൻസിപ്പൽ സെക്രട്ടറി, ആസൂത്രണ സാമ്പത്തികകാര്യ വകുപ്പ്.

പ്രിൻസിപ്പൽ സെക്രട്ടറി, ഫിഷറീസ് വകുപ്പ്.

മെമ്പർ സെക്രട്ടറി, സംസ്ഥാന ആസൂത്രണ ബോർഡ്, തിരുവനന്തപുരം.

കമ്മീഷണർ & സെക്രട്ടറി കേരള സംസ്ഥാന ഭവന നിർമ്മാണ ബോർഡ്.

ലാന്റ് റവന്യൂ കമ്മീഷണർ, തിരുവനന്തപുരം.

ഡയറക്ടർ, കേരള ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ലോക്കൽ അഡ്മിനിസ്ട്രേഷൻ.

എക്സിക്യൂട്ടീവ് ഡയറക്ടർ കുടുംബശ്രീ, തിരുവനന്തപുരം.

ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ, ലൈഫ് മിഷൻ.

എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ.

ചീഫ് എഞ്ചിനീയർ, തദ്ദേശ സ്വയംഭരണ വകുപ്പ്.

എല്ലാ ജില്ലാ ആസൂത്രണ സമിതി മെമ്പർ സെക്രട്ടറിമാർക്കും.

എല്ലാ ജില്ലാ പ്ലാനിംഗ് ഓഫീസർമാർക്കും.

എല്ലാ പഞ്ചായത്ത് ഡപ്യൂട്ടി ഡയറക്ടർമാർക്കും.

എല്ലാ നഗരകാര്യ ജോയിന്റ് ഡയറക്ടർമാർക്കും.

ഡയറക്ടർ, സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം.

സ്റ്റേറ്റ് പെർഫോർമൻസ് ഓഡിറ്റ് ഓഫീസർ, തിരുവനന്തപുരം.

ജനറൽ സെക്രട്ടറി, കേരള ഗ്രാമ പഞ്ചായത്ത് അസ്സോസിയേഷൻ.

ജനറൽ സെക്രട്ടറി, കേരള ബ്ലോക്ക് പഞ്ചായത്ത് അസ്സോസിയേഷൻ.

സെക്രട്ടറി, മുനിസിപ്പൽ ചെയർമാൻമാരുടെ ചേംബർ.

സെക്രട്ടറി, ജില്ല പഞ്ചായത്ത് പ്രസിഡന്റുമാരുടെ ചേംബർ.

അക്കൗണ്ടന്റ് ജനറൽ (എ & ഇ/ ഓഡിറ്റ്) കേരള, തിരുവനന്തപുരം.

സ്റ്റോക്ക് ഫയൽ / ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

Priya

സെക്ഷൻ ഓഫീസർ

പകർപ്പ്- ബഹു.മുഖ്യമന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്.

തദ്ദേശ സ്വയംഭരണ വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്.

ഭവന നിർമ്മാണ വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്.

ധനകാര്യ വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്.

പട്ടികജാതി പിന്നോക്ക ക്ഷേമ വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്.

തദ്ദേശ സ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയുടെ പിഎയ്ക്ക്.

തദ്ദേശ സ്വയംഭരണ വകുപ്പ് സെക്രട്ടറിയുടെ പിഎയ്ക്ക്.

തദ്ദേശ സ്വയംഭരണ വകുപ്പിന്റെ എല്ലാ സെക്ഷനുകൾക്കും.

<u>അനുബന്ധം</u>

ജില്ലകളിലേക്ക് നല്കിയിട്ടുള്ള പട്ടികജാതി/ പട്ടികവർഗ്ഗ/ ഫിഷറീസ് വകുപ്പുകളിൽ നിന്ന് ലൈഫ് മിഷന് ലഭ്യമാക്കിയ ഗുണഭോക്തൃ പട്ടിക പട്ടിക താഴെ പറയുന്ന നടപടിക്രമങ്ങൾ പാലിച്ച് പരിശോധിച്ച് അന്തിമമാക്കേണ്ടതാണ് -

1. ജില്ലാ തലത്തിൽ ലഭ്യമായ ഗുണഭോക്തൃ പട്ടിക ബന്ധപ്പെട്ട തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് 2020 ജൂൺ 5-ാം തീയതിക്കകം കൈമാറേണ്ടതാണ്.
2. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ ലഭ്യമായ പട്ടിക ജൂൺ 11-ാം തീയതിക്കകം പ്രസിദ്ധപ്പെടുത്തേണ്ടതാണ്.
3. നിർവ്വഹണ ഉദ്യോഗസ്ഥർ, ഗുണഭോക്തൃ പട്ടികയിൽ ഉൾപ്പെട്ടവരുടെ അർഹതാ പരിശോധനയും ഇതോടൊപ്പം ചേർത്തിട്ടുള്ള ഫോറങ്ങളിൽ വിവര ശേഖരണവും 2020 ജൂൺ 20-ാം തീയതിക്കകം പൂർത്തിയാക്കേണ്ടതുമാണ്. ഗുണഭോക്തൃ പട്ടിക തയ്യാറാക്കുന്നത് സംബന്ധിച്ച 31.7.2017-ലെ സ.ഉ.(എം.എസ്) നം. 151/2017/ത.സ്വ.ഭ.വ ഉത്തരവിൽ നിഷ്കർഷിച്ചിട്ടുള്ള അർഹതാ മാനദണ്ഡങ്ങൾ പ്രകാരം പരിശോധന നടത്തേണ്ടതാണ്. പട്ടികജാതി/പട്ടികവർഗ്ഗ/മത്സ്യത്തൊഴിലാളി വിഭാഗങ്ങളിൽപ്പെട്ടവർക്ക് റേഷൻ കാർഡ്, ഭൂമിയുടെ അളവ് എന്നിവ സംബന്ധിച്ച് പുറപ്പെടുവിച്ച ഇളവുകൾ പരിഗണിച്ചാണ് അർഹത പരിശോധിക്കേണ്ടത്. ജീർണ്ണിച്ചതും പുനരുദ്ധരിക്കാൻ കഴിയാത്തതുമായ ഭവനങ്ങളിൽ താമസിക്കുന്ന കുടുംബങ്ങളെ ഭവനരഹിതരായി കണക്കാക്കേണ്ടതാണ്. മൺഭിത്തി, തടി, ടാർപോളിൻ, ഷീറ്റ് എന്നിവ ഉപയോഗിച്ച് നിർമ്മിച്ച ഭിത്തി, ഓല, ഷീറ്റ് എന്നിവയോടുകൂടിയ മേൽക്കൂരയുള്ളതുമായ ഭവനങ്ങളെ ജീർണ്ണിച്ചതും വാസയോഗ്യമല്ലാത്തതുമായ ഭവനമായി പരിഗണിക്കാം. കൂടാതെ ചുടുകട്ട, സിമന്റ് കട്ട, കോൺക്രീറ്റ് ഇവ ഉപയോഗിച്ചിട്ടുണ്ടെങ്കിലും ജീർണ്ണിച്ച് തീർത്തും വാസയോഗ്യമല്ലാത്ത വീടുകൾ ഉള്ളവരെ ഭവനരഹിതരായി പരിഗണിക്കാം.
4. പരിശോധന നടത്തിയ പട്ടിക ലൈഫ് മിഷൻ തയ്യാറാക്കി നല്കുന്ന സോഫ്റ്റ് വെയറിൽ ജൂൺ 30-നകം ചേർക്കേണ്ടതാണ്. ആയതിനായി ഡേറ്റാ എൻട്രി ഓപ്പറേറ്റർമാരെ ദിവസവേതനാടിസ്ഥാനത്തിൽ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് നിയോഗിക്കാവുന്നതും വേതനം തനത് ഫണ്ടിൽ നിന്നും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് ചെലവഴിക്കാവുന്നതുമാണ്.
5. ഡേറ്റാ എൻട്രിക്ക് ശേഷം അർഹരും അനർഹരുമായ ഭൂരഹിതരുടെയും ഭവനരഹിതരുടെയും പട്ടിക വിവരവ്യൂഹത്തിൽ നിന്നും പ്രിന്റ് എടുത്ത് കരടായി ജൂലൈ 5 ന് മുമ്പായി പ്രസിദ്ധീകരിക്കേണ്ടതാണ്.

6. കരട് ലിസ്റ്റിന്മേലുള്ള ആക്ഷേപങ്ങൾ ജൂലൈ 15 വരെ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ സ്വീകരിക്കാവുന്നതാണ്. പ്രസിദ്ധീകരിച്ച ലിസ്റ്റിൽ ഉൾപ്പെട്ടിട്ടുള്ളവരുടെ (അർഹരും അനർഹരും) ആക്ഷേപങ്ങൾ തദ്ദേശ സ്വയംഭരണ സ്ഥാപനതലത്തിൽ രൂപീകരിക്കുന്ന അപ്പീൽ കമ്മിറ്റി പരിശോധിച്ച് തീർപ്പാക്കേണ്ടതാണ്. ലിസ്റ്റിൽ ഉൾപ്പെടാത്തവരുടെ പുതിയ അപേക്ഷകൾ ലഭിക്കുന്നുവെങ്കിൽ ആയത് പട്ടികപ്പെടുത്തി ആക്ഷേപങ്ങൾ സഹിതം ബന്ധപ്പെട്ട വകുപ്പുകളുടെ(പട്ടികജാതി/ പട്ടികവർഗ്ഗ/ ഫിഷറീസ് ) ജില്ലാ ഓഫീസർമാർക്ക് ജൂലൈ 20- നകം കൈമാറേണ്ടതാണ്. തദ്ദേശ സ്വയംഭരണ സ്ഥാപനതലത്തിൽ അപ്പീലുകൾ എല്ലാം ജൂലൈ 25-നകം തീർപ്പാക്കേണ്ടതാണ്.

a) <u>അപ്പീൽ കമ്മിറ്റിയുടെ ഘടന</u> ചുവടെ പറയുന്ന പ്രകാരം ആയിരിക്കേണ്ടതാണ്-

എ) ഗ്രാമപഞ്ചായത്ത് /മുനിസിപ്പാലിറ്റി /കോർപറേഷൻ ക്ഷേമകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി ചെയർ പേഴ്സൺ /ചെയർമാൻ

ബി) തദ്ദേശ സ്വയംഭരണ സ്ഥാപന സെക്രട്ടറി

സി) ബ്ലോക്ക് പട്ടികജാതി വികസന ഓഫീസർ

ഡി) ഫിഷറീസ് ഇൻസ്പെക്ടർ

ഇ) ട്രൈബൽ എക്സ്റ്റൻഷൻ ഓഫീസർ

എഫ്) പട്ടികജാതി/പട്ടിക വർഗ്ഗ വിഭാഗത്തിൽപ്പെട്ട തദ്ദേശ സ്വയംഭരണ സ്ഥാപനത്തിലെ ഒരു ജനപ്രതിനിധി

7.തദ്ദേശ സ്വയംഭരണ സ്ഥാപനതലത്തിൽ അപ്പീൽ കമ്മിറ്റി ആക്ഷേപങ്ങൾ തീർപ്പാക്കിയതിനുശേഷവും ആക്ഷേപങ്ങൾ ഉള്ളവർക്ക് പരാമർശം (2) നിർദ്ദേശത്തിന്റെ അടിസ്ഥാനത്തിൽ രൂപീകരിച്ച ജില്ലാതല അപ്പീൽ കമ്മിറ്റിയെ ആഗസ്റ്റ് 5-നകം സമീപിക്കാവുന്നതാണ്. ജില്ലാതല അപ്പീൽ കമ്മിറ്റി ആക്ഷേപങ്ങൾ പരിഗണിച്ച് ആഗസ്റ്റ് 15-നകം തീർപ്പാക്കി തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് നല്കേണ്ടതാണ്.

a) <u>ജില്ലാതല അപ്പീൽ കമ്മിറ്റിയുടെ ഘടന-</u>

ചെയർമാൻ- ജില്ലാ കളക്ടർ

കൺവീനർ- പ്രൊജക്ട് ഡയറക്ടർ, പി. എ.യു

<u>അംഗങ്ങൾ-</u>

1. ജില്ലാ കോ-ഓർഡിനേറ്റർ, ലൈഫ് മിഷൻ

2. ജില്ലാ പട്ടികജാതി വികസന ഓഫീസർ

3. പ്രൊജക്ട് ഓഫീസർ, ഐ.റ്റി.ഡി.പി

4. ഡെപ്യൂട്ടി ഡയറക്ടർ, ഫിഷറീസ് വകുപ്പ്

8. അപ്പീൽ കമ്മിറ്റിയുടെ പരിശോധന റിപ്പോർട്ട് പ്രകാരം എം. ഐ. എസിൽ വിവരങ്ങൾ രേഖപ്പെടുത്തേണ്ടതും പുതുക്കിയ കരട് പട്ടിക തദ്ദേശ സ്വയംഭരണ സ്ഥാപന യോഗത്തിൽ സമർപ്പിച്ച് ഗ്രാമസഭകളിൽ അവതരിപ്പിക്കേണ്ടതും ആഗസ്റ്റ് 25-നകം അംഗീകാരം തേടേണ്ടതുമാണ്.

9. ഗ്രാമസഭ അംഗീകരിച്ച പട്ടികയ്ക്ക് തദ്ദേശ സ്വയംഭരണ സ്ഥാപനം അംഗീകാരം നല്കി ആഗസ്റ്റ് 31-നകം അന്തിമ മുൻഗണനാ പട്ടിക പ്രസിദ്ധപ്പെടുത്തേണ്ടതാണ്.

10. പ്രസ്തുത പട്ടികയിൽ നിന്നും ഗുണഭോക്താക്കൾക്ക് ഭവന നിർമ്മാണത്തിന് ധനസഹായംഅനുവദിക്കാവുന്നതാണ്.

<u>പ്രവർത്തന കലണ്ടർ</u>

1. വകുപ്പുകൾ ലഭ്യമാക്കിയ ഗുണഭോക്താക്കളുടെ പട്ടിക തദ്ദേശ സ്വയംഭരണ

   സ്ഥാപനങ്ങൾക്ക് നൽകൽ -ജൂൺ 5 -നകം

2. പട്ടിക തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ പ്രസിദ്ധീകരിക്കൽ-ജൂൺ 11 -നകം

3. നിർവ്വഹണ ഉദ്യോഗസ്ഥരുടെ അർഹതാ പരിശോധന- ജൂൺ 20-നകം

4. സോഫ്റ്റ് വെയറിൽ ഡേറ്റാ എൻട്രി-ജൂൺ 30-നകം

5. കരട് പട്ടിക പ്രസിദ്ധപ്പെടുത്തൽ (അർഹരുടെയും അനർഹരുടെയ)- ജൂലൈ 5-നകം

6. തദ്ദേശ സ്വയംഭരണ സ്ഥാപനതലത്തിൽ ആക്ഷേപങ്ങൾ സ്വീകരിക്കൽ- ജൂലൈ 15 വരെ

7. തദ്ദേശ സ്വയംഭരണ സ്ഥാപനതലത്തിൽ ആക്ഷേപങ്ങൾ തീർപ്പാക്കൽ-ജൂലൈ 25-നകം

8. ജില്ലാതല അപ്പീൽ സ്വീകരിക്കൽ-ആഗസ്റ്റ് 5 വരെ

9. ജില്ലാതല അപ്പീൽ തീർപ്പാക്കൽ-ആഗസ്റ്റ് 15-നകം

10. ഗ്രാമസഭാ അംഗീകാരം-ആഗസ്റ്റ് 25-നകം

11. അന്തിമ പട്ടിക പ്രസിദ്ധപ്പെടുത്തൽ-ആഗസ്റ്റ് 31